**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കുന്ന വിധത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കുന്ന വിധത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ താഴെ പറയുന്നു :-<br><br>1. <u>കരിക്കുലം പരിഷ്കാരം:</u>- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭി ച്ചു. (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്)<br><br>2.<u>പുതുതലമുറ കോഴ്സുകൾ:</u>- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.<br><br>3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്ലേഷണൽ റിസർച്ച് |

| | | | |
|---|---|---|---|
| | | | സെൻ്ററുകൾ, ഡൊമസ്റ്റിക്/ ഇൻ്റർനാഷണൽ ഹോസ്റ്റൽ എന്നിവ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചി ട്ടുണ്ട്.<br><br>4. മറ്റ് പ്രധാന പദ്ധതികൾ:-<br><br>a) കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിൻ്റെ(കാൽനെറ്റ്) വികസനം<br><br>b) ഇ-ജേർണൽ കൺസോർഷ്യം<br><br>c) ഡിജികോൾ<br><br>d) ഓൺലൈൻ ഡിജിറ്റൽ ശേഖരം<br><br>e) കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് ((KIRF))<br><br>f) അദ്ധ്യാപക പരിശീലന പദ്ധതി<br><br>g) സ്റ്റേറ്റ് അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെൻററ്(SAAC)<br><br>h) ബ്രെയിൻ ഗെയിൻ - (ലോകമെ മ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br><br>g) എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>i) ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് |
| (ബി) | പ്രസ്തുത മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വിവിധ പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള കോഴ്സുകൾ GO (Ms) No. 389/2020/H.Edn dtd. 5/11/2020 പ്രകാരം ആരംഭിക്കുകയുണ്ടായി. ഇപ്രകാരം ആരംഭിച്ച ചില കോഴ്സുകൾ താഴെ കൊടുക്കുന്നു.<br><br>1. Integrated Political Science with International Relations<br><br>2.M.Sc. Statistics with specialization in Data Analytics<br><br>3. M.Com International Trade<br><br>4. Masters in Commerce in Taxation<br><br>5.M.Sc.Physics with Computational and Nanoscience Specialization<br><br>6. M.Sc. Chemistry with Drug Chemistry |

| | | | |
|---|---|---|---|
| | | | 7. M.Sc. Computer Science with Specialization in Artificial Intelligence<br><br>8. B.Sc. Physics with Machine Learning<br><br>9.M.Sc. Physics with Specialization in Space Physics<br><br>10.M.Sc. Chemistry in Drug Design and Development<br><br>11.M.A. History (World History and Historiography)<br><br>12.M.Sc. Botany with Specialization in Ethno Botany and Ethno Pharmacology<br><br>13. M.A. Econometrics<br><br>14. M.A. Business Economics<br><br>15. Bachelor of Sports Management<br><br>16. B.A.Advertising Sales Management<br><br>17.Integrated Botany with Computational Biology<br><br>18. MSc Applied Plant Science<br><br>സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെ ഗവേഷണ ഫലങ്ങളെ പ്രായോഗിക തലത്തിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇതിനായി സർവകലാശാലകളുടെ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി.<br><br>വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തി. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ